ഉത്തരം

(എ) ആദ്യഘട്ടത്തിൽ എട്ടും രണ്ടാം ഘട്ടത്തിൽ പത്തും തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 6 (ആറ്).

(സി) നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) ആദ്യഘട്ടത്തിൽ അഴീക്കലിലും രണ്ടാം ഘട്ടത്തിൽ തലശ്ശേരിയിലും ഓരോ സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്.

(ഇ) ഇവയിൽ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(എഫ്) പുതുതായി കെട്ടിടവും കടലിൽ റോന്ത് ചുറ്റുന്നതിന് ബോട്ടുകളും താഴെ പറയുന്ന തസ്തികകളും വേണമെന്ന് നിശ്ചയിച്ചിട്ടുണ്ട്:

സി.ഐ.-1, എസ്.ഐ.-3, മാസ്റ്റർ ഡ്രൈവേഴ്സ് (എ.എസ്.ഐ.റാങ്ക്)-3, എച്ച്.സി-9, പി.സി.-30, ബോട്ട് ഡ്രൈവർ-6, ലാസ്കർ-6, ക്രാങ്ക്-6, ജീപ്പ് ഡ്രൈവർ-2, പി.ടി.എസ്-1.

(ജി) രണ്ടാം ഘട്ടത്തിൽ അനുവദിച്ച പത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം കണ്ടെത്താൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

54(344) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

55(345) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനുവേണ്ടി ഒരു കെട്ടിടം പണിയുന്നതിനായി 12 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതനുസരിച്ച് കേരളാ പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ 10 ലക്ഷം രൂപ മതിപ്പ് ചെലവ് (പി.ഡബ്ല്യു.ഡി.എസ്.ഒ.ആർ. 1999 പ്രകാരം) കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി-5-2-2004-ന് ടെണ്ടർ ക്ഷണിച്ചു. എങ്കിലും കെട്ടിടം പണിയുന്നതിനായി നിശ്ചയിച്ചിരുന്ന സ്ഥലം വളരെയധികം ചതുപ്പുള്ളതാകയാൽ ഇത് നിലനിറുത്തണമെങ്കിൽ വൻ തുക ചെലവാക്കേണ്ടിവരുമെന്ന് കണ്ടെത്തിനാലും അധിക തുക പ്രസ്തുത പണിക്കായി ലഭ്യമല്ലാതിരുന്നതിനാലും പണി ഒഴിവാക്കുകയുണ്ടായി.

ധനുവച്ചപുരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

58(348) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽപ്പെട്ട ധനുവച്ചപുരം കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ധനുവച്ചപുരം കേന്ദ്രീകരിച്ച് ഒരു പോലീസ് ഔട്ട്പോസ്റ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

അടിവാരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

57(347) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരം വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും അനുഭവപ്പെടുന്ന താമരശ്ശേരി ചുരത്തെക്കൂടി പരിഗണിച്ചുകൊണ്ട് അടിവാരത്ത് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ദീർഘകാലത്തെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, അടിവാരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്തുതന്നെ അടിവാരത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly